14 2010 January 15 Friday
Reg. No. KL/KTM/036/2009-2011
Licence No: KL/CR/KTM/WPP-28/2009-11
Licensed to post without pre-payment
RNI No.3078/57 KTM ദീപിക

വിദേശമിഷൻ രൂപതകളിലെ പ്രഥമ ഇന്ത്യൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ അലക്സ് കാളിയാനിൽ SVD പിതാവിന് സ്വീകരണം

2010 ജനുവരി 15 വെള്ളി, വൈകുന്നേരം 4.30-ന്, ചങ്ങനാശേരി പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രം

മാർ അലക്സ് കാളിയാനിൽ SVD
(ആർച്ച് ബിഷപ് ബുളവായോ, സിംബാബ്‌വേ)

ഭാരതകത്തോലിക്കാസഭ ഇന്ന് അഹ്ലാദത്തിന്റെ ധന്യതയിലാണ്. തോമാശ്ലീഹായിൽനിന്ന് വിശ്വാസപൈതൃകം പകർന്നുലഭിച്ച ഭാരതീയർ "*നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ*" (മത്തായി 28:19) എന്ന മഹത്തായ സന്ദേശം ഹൃദയത്തിലേറ്റുവാങ്ങി പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷം ചേർന്ന് സേവനത്തിന് പുതിയ ഭാഷ്യംനൽകി. ഈ വിശ്വാസസമൂഹത്തിന് അംഗീകാരവും പ്രോത്സാഹനവും ദൈവകൃപയാൽ സമൃദ്ധമായി ലഭിച്ചു. അതിനൊടുവിലത്തെ ഉദാഹരണമാണ് അഭിവന്ദ്യ അലക്സ് കാളിയാനിൽ SVD പിതാവിന് ലഭിച്ച ആഫ്രിക്ക, സിംബാബ്‌വേയിലെ ബുളവായോ അതിരൂപതയുടെ അദ്ധ്യക്ഷസ്ഥാനം.

2009 സെപ്റ്റംബർ 12-ന് സിംബാബ്‌വേയിലെ പേപ്പൽ നൂൺഷ്യോ ആർച്ച് ബിഷപ് മാർ ജോർജ് കോച്ചേരി പിതാവിലൂടെ ബുളവായോയിൽ വച്ചുതന്നെ മെത്രാപ്പോലീത്തായായി അഭിഷിക്തനായ മാർ അലക്സ് കാളിയാനിൽ SVD വിദേശത്തുള്ള ഏതെങ്കിലും അതിരൂപതയുടെ മെത്രാപ്പോലീത്തായാകുന്ന ആദ്യത്തെ ഭാരതീയനാണ്. ഭാരത കത്തോലിക്കാസഭയ്ക്കും അന്തർദേശീയ സന്യാസമിഷനറി സമൂഹമായ ദൈവവചനസഭയ്ക്കും (SVD) അഭിമാനത്തിന്റെ ധന്യനിമിഷങ്ങളായിരുന്നു അത്.

ആർച്ച് ബിഷപ് അലക്സ് കാളിയാനിൽ തന്റെ വൈദീക പരിശീലനം തുടങ്ങിയത് 1975 ജൂൺ മാസത്തിൽ ദൈവവചനസഭയുടെ ചങ്ങനാശേരിയുള്ള SVD സെമിനാരിയിലാണ്. പ്രസ്തുത സെമിനാരിയിൽ വൈദീകപരിശീലനം ലഭിച്ചവരിൽ രണ്ടാമത്തെ ബിഷപ്പാണ് മാർ കാളിയാനിൽ. ഇപ്പോൾ ഇൻഡോർ രൂപതയുടെ ബിഷപ്പായ അഭിവന്ദ്യ ചാക്കോ തോട്ടുമാരിക്കൽ SVDയാണ് ആദ്യ മെത്രാൻ.

Our Name	: SVD
Latin	: Societas Verbi Divini
English	: Society of the Divine Word
Popularly	: Divine Word Missionaries
Malayalam	: ദൈവ വചന സഭ

മാർ കാളിയാനിൽ

1960 മെയ് 27-ന് കോട്ടയം ജില്ലയിൽ ചങ്ങനാശേരി അതിരൂപതയിൽപ്പെട്ട മണിമല ഫൊറോനായിൽ വള്ളംചിറ ഇടവകയിൽ കാളിയാനിൽ കുടുംബത്തിൽ തോമസ് - മറിയാമ്മ ദമ്പതികളുടെ അഞ്ചുമക്കളിൽ ഇളയമകനായി അലക്സ് ജനിച്ചു. അദ്ദേഹത്തിന്റെ മൂന്ന് സഹോദരിമാരിൽ ഒരാൾ ദിവംഗതയായ കൊച്ചുത്രേസ്യാ ബഥനി സന്യാസിനി സമൂഹാംഗമായിരുന്നു. ദൈവവചനസഭയിലൂടെ കർത്തൃപ്രേഷിതനാകുവാൻ പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളിൽ സുവിശേഷസാക്ഷ്യമാകുവാൻ ചെറുപ്പംമുതൽ ആഗ്രഹിച്ച അദ്ദേഹം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ പരിശീലനം പൂർത്തിയാക്കുകയും 1988 മെയ് 7-ന് ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പവ്വത്തിൽ നിന്ന് ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുകയുംചെയ്തു. അതിനുശേഷം ദൈവഹിതപ്രകാരം ആഫ്രിക്കയിൽ സിംബാബ്‌വേയിലേക്ക് 1989-ൽ ദൈവവചനമിഷനറിയായി അയയ്ക്കപ്പെട്ടു. ഭാഷാപഠനശേഷം 1990 മുതൽ വിവിധ ഇടവകകളിൽ വികാരിയായും 2005 മുതൽ 2008 വരെ ബുളവായോ അതിരൂപതാ പ്രൊക്യുറേറ്റർ, സിംബാബ്‌വേ കാരിത്താസ് ഡയറക്ടറായും സേവനമനുഷ്ഠിച്ചു. 2008 മുതൽ ദൈവവചനസഭയുടെ സിംബാബ്‌വേ മിഷൻ സുപ്പീരിയർ ആയിരിക്കുഴാണ് ഇടയനടുത്ത അജപാലനാശുശ്രൂഷാദൗത്യം പരിശുദ്ധ പിതാവ് അദ്ദേഹത്തെ ഏൽപ്പിക്കുന്നത്.

സമ്പന്നമായ സാമ്പത്തിക സാംസ്കാരിക പാരമ്പര്യം പുലർത്തിയിരുന്ന സിംബാബ്‌വേ ഇന്ന് രാഷ്ട്രീയ അരക്ഷിതാവസ്ഥയിലും സാമ്പത്തിക തകർച്ചയിലുമാണ്. ഇത്തരം പ്രതികൂലസാഹചര്യങ്ങളിൽ ദൈവമക്കളെ വിശ്വാസവഴിയിൽ നയിക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് അലക്സ് പിതാവ് ഏറ്റെടുത്തിരിക്കുന്നത്. "*യേശുവിന്റെ വെളിച്ചത്തിൽ*" എന്ന ആപ്തവാക്യം സ്വീകരിച്ച പിതാവ് ദാരിദ്രനിർമ്മാർജനവും ആദ്ധ്യാത്മികവളർച്ചയും വിശ്വാസപരിശീലനവും തന്റെ ഈ നാട്ടുകാർക്ക് സ്വന്തമാക്കുക എന്നതാണ് തന്റെ പ്രഥമ പരിഗണനയെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ശ്ലൈഹികശുശ്രൂഷ ആരംഭിച്ചത്.

SVD ബിഷപ്പുമാർ

ദൈവവചനമിഷനറി സമൂഹത്തിൽ ഇപ്പോഴുള്ള 50 ബിഷപ്പുമാരിൽ 8 പേർ ഇന്ത്യയിലെ വിവിധ രൂപതകളിലെ ഇടയന്മാരാണ്. മധ്യപ്രദേശിൽ ആർച്ച് ബിഷപ് ലിയോ കോർണേലിയോ (ഭോപ്പാൽ അതിരൂപത), ബിഷപ് ചാക്കോ തോട്ടുമാരിക്കൽ (ഇൻഡോർ), ബിഷപ് ആരോക്യ ദുരൈരാജ് (കാണ്ഡ്‌വാ), ബിഷപ് ദേവപ്രസാദ് ഗണാവ (ജാബുവാ), ഒറീസായിൽ ആർച്ച്ബിഷപ് റാഫേൽ ചീനാത്ത് (കട്ടക് - ഭുവനേശ്വർ അതിരൂപത), ബിഷപ് ലൂക്കാസ് കെർക്കട്ടാ (സാമ്പൽപൂർ), ബിഷപ് ജോൺ ബർവ്വാ (റൂർക്കല), റൂർക്കലയുടെ മുൻ അധ്യക്ഷൻ ബിഷപ് അൽഫോൻസ് ബിലൂംഗുമാണ് ഇവർ.

ദൈവവചനസഭ

ദൈവവചനമിഷനറി സന്യാസസമൂഹം 1875 സെപ്റ്റംബർ 8-ന് ഹോളണ്ടിലെ സ്റ്റൈൽ എന്ന ഗ്രാമത്തിൽ വിശുദ്ധ അർനോസ് ജാൻസൻ സ്ഥാപിച്ചു. ഒരു അന്തർദേശീയ മിഷനറി സമൂഹമായ ദൈവവചനസഭ പഞ്ചഭൂഖണ്ഡങ്ങളിലെ 73 രാജ്യങ്ങളിലായി 6131 അംഗങ്ങൾ സേവനമനുഷ്ഠിക്കുന്നു. ഭാരതത്തിൽ 1932-ൽ മധ്യപ്രദേശിലെ ഇൻഡോറിൽ പ്രവർത്തനം ആരംഭിച്ചു. ഇന്ത്യയിൽനിന്നുള്ള 873 അംഗങ്ങളിൽ 219 പേർ വിദേശരാജ്യങ്ങളിൽ സേവനമനുഷ്ഠിക്കുന്നു. SVD സമൂഹം സുവിശേഷപ്രഘോഷണം, അജപാലനശുശ്രൂഷ, യുവജനപരിശീലനം, വിദ്യാഭ്യാസം, സമൂഹ്യസേവനം, മതസംവാദം, സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ എന്നീ മേഖലകളിൽ സേവനത്തിന്റെ പുതുവെളിച്ചമാകുകയാണ്.

ദൈവവചനസഭ കേരളത്തിൽ

1959-ൽ കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിൽ ദൈവവചനസഭ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു. കടുത്തുരുത്തിയിലെ SVD പ്രാർത്ഥനാനികേതൻ ഇന്ന് കേരളത്തിലെ അറിയപ്പെടുന്ന ധ്യാനകേന്ദ്രങ്ങളിലൊന്നാണ്. ദാമ്പത്യകാരിസം ധ്യാനമാണ് ഇവിടുത്തെ ഏറ്റവും സുപ്രസിദ്ധമായ ശുശ്രൂഷ. ദാമ്പത്യകാരിസം കൂടിയവർക്ക് വിശുദ്ധിയിൽ വളരുന്നതിനും നിലനിൽക്കുന്നതിനും വളർച്ചാപ്രോഗ്രാമുകൾ നടത്തപ്പെടുന്നു. ഇങ്ങനെ ബഹു. സെബാസ്റ്റ്യൻ പൊട്ടനാനി എസ്.വി.ഡിയുടെ ആൽമീയ നേതൃത്വത്തിൽ വളരുന്ന ദമ്പതീകൂട്ടായ്മയാണ് ബിബ്ലിക്കൽ കപ്പിൾസ് കമ്യൂണിറ്റി (BCC). കേരളത്തിൽ 75 ദമ്പതികൾ ഈ കൂട്ടായ്മയിൽ അംഗങ്ങളാണ്.

1962-ൽ ചങ്ങനാശേരിയിൽ SVD സെമിനാരി സ്ഥാപിതമായി. ഈ സെമിനാരിയിൽ കേരളത്തിൽനിന്നുള്ള SVD അർത്ഥികളുടെ പ്രാഥമിക പരിശീലനം നടത്തുന്നു.

പയ്യന്നൂരിനടുത്തുള്ള പിലാത്തറയിൽ 1994-ൽ SVD വചനജ്യോതി ആരംഭിച്ചു. ദൈവവചനം പഠിപ്പിക്കുന്ന ഫലപ്രദമായ സുവിശേഷപ്രഘോഷണ പരിശീലനമാർഗമായ എല്ലാ മനുഷ്യരിലും എത്തിക്കുവാൻ കെറിഗ്മ ധ്യാനവും ജീവിതനവീകരണത്തിനും വിജയത്തിനും ഉപകരിക്കുന്ന സെമിനാറുകളും ബൈബിൾ പഠനധ്യാനങ്ങളും ഇവിടെ നടത്തിവരുന്നു.

എറണാകുളം - അങ്കമാലി അതിരൂപതയിലെ അടുവാശേരിയിൽ 2003-ൽ SVD ഹൗസ് ആരംഭിച്ചു. ആരോരുമില്ലാത്തവരുടെ സംരക്ഷണം, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, എയ്ഡ്സ് രോഗികളുടെയും കാൻസർ രോഗികളുടെയും സംരക്ഷണം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, കൗൺസലിംഗ് തുടങ്ങിയ സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഇവിടെ ഊന്നൽ നൽകുന്നു. കണ്ണൂർ രൂപതയിലെ പയ്യന്നൂർ ഇടവകയിലും എസ്.വി.ഡി. സഭ സേവനമനുഷ്ഠിക്കുന്നു.

ദൈവവചനസഭയുടെ മുംബൈ പ്രോവിൻസിന്റെയും ചങ്ങനാശേരി പാറേൽ സെന്റ് മേരീസ് ഇടവകയുടെയും ആഭിമുഖ്യത്തിൽ ചങ്ങനാശേരി SVD സെമിനാരിയുടെ പൂർവ്വവിദ്യാർത്ഥിയായ അഭിവന്ദ്യ അലക്സ് കാളിയാനിൽ SVD പിതാവിന്റെ മുഖ്യകാർമികത്വത്തിൽ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ വച്ച് ഇന്ന് വൈകുന്നേരം 4.30-ന് നടക്കുന്ന വിശുദ്ധ കുർബാനയിലേക്കും തുടർന്ന് നടക്കുന്ന അനുമോദനസമ്മേളനത്തിലേക്കും സ്നേഹപൂർവ്വം എല്ലാ സഹോദരങ്ങളെയും സ്വാഗതംചെയ്യുന്നു.

ഫാ. മാത്യു കാവുകാട്ട് SVD
റെക്ടർ, SVD സെമിനാരി
ചങ്ങനാശേരി

ഇന്ത്യയിലെ എസ്.വി.ഡി ബിഷപ്പുമാർ

മോസ്റ്റ് റവ.ഡോ. റാഫേൽ ചീനാത്ത് SVD (ആർച്ച് ബിഷപ് കട്ടക് - ഭുവനേശ്വർ)

റൈറ്റ് റവ.ഡോ. ലൂക്കാസ് കെർക്കട്ട SVD (സാംബൽപുർ)

റൈറ്റ് റവ.ഡോ. അൽഫോൻസ് ബിലൂംഗ് SVD (റൂർക്കല, റിട്ട.)

റൈറ്റ് റവ.ഡോ. ജോൺ ബർവ SVD (റൂർക്കല)

മോസ്റ്റ് റവ.ഡോ. ലിയോ കൊർനേലിയോ SVD (ആർച്ച് ബിഷപ് ഭോപ്പാൽ)

റൈറ്റ് റവ.ഡോ. ചാക്കോ തോട്ടുമാരിക്കൽ SVD (ഇൻഡോർ)

റൈറ്റ് റവ.ഡോ. ദേവപ്രസാദ് ഗണാവ SVD (ജാംബുവ)

റൈറ്റ് റവ.ഡോ. ആരോക്യ ദുരൈരാജ് SVD (കാണ്ഡ്‌വ)



വിശുദ്ധ ആർനോൾഡ് ജാൻസൻ
ദൈവനചനസഭാ (SVD) സ്ഥാപകൻ

മാർ ജോർജ് കോച്ചേരി
അപ്പസ്തോലിക് ന്യൂൺഷ്യോ
(അധ്യക്ഷൻ)

റവ.ഫാ. ലാസർ സ്റ്റാനിസ്ളാവൂസ് SVD
(പ്രൊവിൻഷ്യൽ, ഇന്ത്യ-മുംബൈ പ്രോവിൻസ്)
(ഉദ്ഘാടനം)

കാര്യപരിപാടി

വൈകുന്നേരം 4.30-ന് : വിശുദ്ധ കുർബാന
മുഖ്യകാർമ്മികൻ: **ആർച്ച്ബിഷപ്പ് മാർ അലക്സ് കാളിയാനിൽ SVD**
സ്ഥലം : സെന്റ് മേരീസ് പള്ളി, പാറേൽ, ചങ്ങനാശേരി
വൈകുന്നേരം 5.30-ന് : അനുമോദന സമ്മേളനം
സ്ഥലം : സെന്റ് മേരീസ് പാരീഷ് ഹാൾ, പാറേൽ, ചങ്ങനാശേരി
പ്രാർഥനാഗാനം : സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർഥികൾ
സ്വാഗതം : **റവ.ഫാ.മാത്യു കാവുകാട്ട് SVD**
അധ്യക്ഷൻ : **ആർച്ച് ബിഷപ്പ് മാർ ജോർജ് കോച്ചേരി**
ഉദ്ഘാടനം : **വെ.റവ.ഫാ.ലാസർ സ്റ്റാനിസ്ലാവൂസ് SVD**
മുഖ്യപ്രഭാഷണം : **വെരി. റവ.ഫാ.ജോസഫ് കുറിഞ്ഞിപ്പറമ്പിൽ**
മംഗളഗാനം : SVD സെമിനാരി ബ്രദേഴ്സ്
സന്ദേശം : **ആർച്ച് ബിഷപ്പ് മാർ അലക്സ് കാളിയാനിൽ SVD**
ആശംസകൾ
ശ്രീ സി.എഫ്.തോമസ് MLA, റവ.ഫാ. ജോസഫ് മാടത്താനി SVD, ശ്രീ എം.സി.ആന്റണി, റവ.ഫാ.ആന്റണി നെരയത്ത്, ശ്രീ മാത്യൂസ് ജോർജ്, റവ.സി.അനറ്റ് ചാലങ്ങാടി SABS, അഡ്വ.വി.സി.സെബാസ്റ്റ്യൻ.
കൃതജ്ഞത : **റവ.ഫാ.സ്കറിയ പന്നക്കൽ SVD**
പാപ്പാഗാനം : സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർഥികൾ

ബുളവായോ അതിരൂപത ഒറ്റനോട്ടത്തിൽ

രൂപതസ്ഥാപിതം	: 1931 ജനുവരി 4
അതിരൂപതയായി ഉയർത്തപ്പെട്ടത്	: 1995 ജനുവരി 1
അതിരൂപത മദ്ധ്യസ്ഥ	: മാതാവിന്റെ വിമലഹൃദയം
വിസ്തീർണ്ണം	: 69,456 ച.കി.മീ.
ആകെ ജനസംഖ്യ	: 19 ലക്ഷം
കത്തോലിക്കർ	: 1,40,000
ഇടവകകൾ	: 40
കുരിശുപള്ളികൾ	: 320
വൈദീകർ	: 87
ഡീക്കൻമാർ	: 21
സന്യസ്തർ	: 203

പ്രേഷിതരംഗങ്ങൾ

- *സുവിശേഷപ്രഘോഷണം
- *അജപാലനശുശ്രൂഷ
- *ബൈബിൾ അപ്പോസ്റ്റലേറ്റ്
- *യുവജനപരിശീലനം
- *വിദ്യാഭ്യാസം
- *സാമൂഹ്യസേവനം
- *മതസംവാദം
- *സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ
- *നീതി, സമാധാനം, സൃഷ്ടിയുടെ സമഗ്രവികസനം
- *കുടുംബധ്യാനങ്ങൾ

SVD സമൂഹം	ആഗോളതലത്തിൽ	ഇന്ത്യയിൽ
ആരംഭം	: 1875, സ്റ്റെയിൽ, ഹോളണ്ട്	1932, ഇൻഡോർ
സാന്നിധ്യം	: 73 രാജ്യങ്ങളിൽ	17 സംസ്ഥാനങ്ങളിൽ
അംഗങ്ങൾ	: 6131	873
ബിഷപ്പുമാർ	: 50	9
വൈദീകർ	: 3997	613
സന്യാസസഹോദരർ	: 708	46
മേജർ സെമിനാരിയിൽ	: 1047	177
നോവിസസ്	: 329	31
പ്രോവിൻസുകൾ	: 49	4
റീജനുകൾ	: 9	1

SVD ഹൗസ് അടുവാശേരി

ഉപേക്ഷിക്കപ്പെട്ടവർക്കും മാറ്റിനിർത്തപ്പെട്ടവർക്കുംവേണ്ടിയുള്ള ശുശ്രൂഷക്കാണ് SVD ഹൗസ് അടുവാശേരി പ്രാധാന്യം കൊടുക്കുന്നത്. ആരാരുമില്ലാത്തവരുടെ സംരക്ഷണം, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, എയിഡ്സ് രോഗികളുടെയും ക്യാൻസർ രോഗികളുടെയും സംരക്ഷണം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, വ്യക്തിഗത കൗൺസിലിംഗ് തുടങ്ങിയ സാമൂഹ്യപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ബന്ധപ്പെടുക.
THE DIRECTOR, SVD HOUSE
ADUVASSERRY NORTH
ERNAKULAM - 683578
PH: 0484-2574803, 24799793

"വചനമാകുവാനും വചനമേകുവാനും"

ദൈവവചന സഭ (SVD) യിലേക്ക് സ്വാഗതം

വിശുദ്ധ അർനോൾഡ് ജാൻസനാൽ സ്ഥാപിതവും വിശുദ്ധ ഫ്രയിനാഡമെറ്റ്സിന്റെ പ്രേഷിത തീക്ഷ്ണതയാൽ സമ്പന്നവുമായ എസ്.വി.ഡി സഭയിൽ ചേർന്ന് വൈദികനോ ബ്രദറോ ആകുവാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി/പ്ലസ്ടു പഠിക്കുന്നവരും ഉപരിവിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കൂട്ടുകാർക്ക് സ്വാഗതം.

വൈദികനാകാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക
VOCATION DIRECTOR,
SVD PRARTHANA NIKETHAN
KADUTHURUTHY P.O., KOTTAYAM (DT.) - 686 604
Mob: 9447113281
PH: 04829-282294, 283394

സന്യാസസഹോദരൻ (ബ്രദർ) ആകാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക
BRO. SWAMINATHAN SVD
SVD SEMINARY
KURISUMMOODU P.O.,
CHANGANACHERRY, - 686 104
Mob: 9496162161, PH: 0481-2421751, 2426352

പ്രാർത്ഥനാനികേതൻ കടുത്തുരുത്തി

ദാമ്പത്യകാരിസം ധ്യാനത്തിന് പേരുകേട്ട SVD പ്രാർത്ഥനാനികേതൻ കേരളത്തിലെ ആദ്യ ദമ്പതീധ്യാനകേന്ദ്രം. ദമ്പതികളെ വിശുദ്ധരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യമാണ് ഈ ധ്യാനത്തിന്റെ അന്തസത്ത. ഇതുകൂടാതെ വൈദീകർക്കും സിസ്റ്റേഴ്സിനും വേണ്ടിയുള്ള ധ്യാനങ്ങളും യുവജനങ്ങൾക്കും കുട്ടികൾക്കുമുള്ള ധ്യാനങ്ങളും ആന്തരികസൗഖ്യധ്യാനങ്ങളും ദിവ്യകാരുണ്യാനുഭവധ്യാനങ്ങളും ഇവിടെ നടത്തപ്പെടുന്നു .

അടുത്തുവരുന്ന ധ്യാനങ്ങൾ

ജനുവരി 24-29 : ആന്തരികസൗഖ്യധ്യാനം
ഫെബ്രുവരി 7-12 : വൈദികർക്കും സന്യസ്തർക്കുമുള്ള ധ്യാനം
ഫെബ്രുവരി 14-21: ദാമ്പത്യകാരിസം ധ്യാനം
മാർച്ച് 6 : ഏകദിന കൺവൻഷൻ
മാർച്ച് 14 - 21 : ദാമ്പത്യകാരിസം ധ്യാനം
മാർച്ച് 22 - 27 : വൈദികർക്കും സന്യസ്തർക്കുമുള്ള ധ്യാനം

ബന്ധപ്പെടുക
DIRECTOR, SVD PRARTHANA NIKETHAN
KADUTHURUTHY P.O., KOTTAYAM (DT.) - 686 604
PH: 04829-282294, 283394
www.svdprarthananikethan.org

SVD വചനജ്യോതി പിലാത്തറ

കേരളത്തിൽ എല്ലാമാസവും കെറിഗ്മ ധ്യാനം നടത്തിവരുന്ന ഏകസ്ഥാപനം. ദൈവവചനം എല്ലാ മനുഷ്യരിലും എത്തിക്കുവാൻ പഠിപ്പിക്കുന്ന ഫലപ്രദമായ സുവിശേഷ പ്രഘോഷണ പരിശീലനമാർഗമാണ് കെറിഗ്മ ധ്യാനം. ബൈബിൾ പഠനധ്യാനങ്ങളും ജീവിതനവീകരണത്തിനും വിജയത്തിനും ഉപകരിക്കുന്ന മറ്റ് ധ്യാനങ്ങളും സെമിനാറുകളും ഇവിടെ നടത്തപ്പെടുന്നു.

അടുത്തുവരുന്ന പ്രോഗ്രാമുകൾ

ഫെബ്രുവരി	11 - 14	: യുവജനധ്യാനം
ഫെബ്രുവരി	14 - 19	: കെറിഗ്മ ധ്യാനം
മാർച്ച്	11-14	: യുവജന ധ്യാനം
മാർച്ച്	14-19	: കെറിഗ്മ ധ്യാനം
ഏപ്രിൽ	8 - 11	: യുവജനധ്യാനം
ഏപ്രിൽ	11- 16	: കെറിഗ്മ ധ്യാനം

ബന്ധപ്പെടുക
THE DIRECTOR
SVD VACHANA JYOTHI
PILATHARA P.O. KANNUR (DT.)-670501
PH: 0497-2800388, 9447414670